(സി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിയമനിർമ്മാണം ആവശ്യമായി വരുന്ന കാര്യങ്ങളിൽ അവ നടപ്പിലാക്കുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. സൗരോർജ്ജ പ്ലാന്റുകൾ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി അതിലേക്ക് നൽകുകയും ആവശ്യമുള്ളപ്പോൾ തിരിച്ചെടുക്കുകയും ചെയ്യുന്നതിനുള്ള റെഗുലേഷൻ തയ്യാറായിട്ടുണ്ട്. അതനുസരിച്ചുള്ള പദ്ധതികളും നടന്നുവരുന്നു.

സൗരോർജ്ജ നയത്തിലെ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിനുവേണ്ടി കെ.എസ്. ഇ.ബി.നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

പാത്രക്കണം കോളനി വൈദ്യുതീകരണം

90 (457) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒല്ലൂർ മണ്ഡലത്തിലെ എ.ഡി.എസ്.-ൽ ഉൾപ്പെട്ട പാത്രക്കണം കോളനി വൈദ്യുതീകരണം സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഒല്ലൂർ മണ്ഡലത്തിലെ പാത്രക്കണം കോളനി എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള 63.55 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കത്ത് 26-11-2015-ൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ സർക്കാർ തുടർ നടപടി സ്വീകരിച്ചുവരികയാണ്.

സൗരോർജ്ജ വൈദ്യുത പദ്ധതി

91 (458) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ വൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ സബ്സിഡി നൽകി സൗരോർജ്ജ വൈദ്യുതീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൗരോർജ്ജ വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അനെർട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 മെഗാവാട്ട് ശേഷി ലക്ഷ്യമിടുന്ന 10,000-സൗരഗൃഹ പദ്ധതി, 12 മെഗാവാട്ട് ശേഷി ലക്ഷ്യമിടുന്ന സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

ഇവയ്ക്കുപുറമേ അനെർട്ടിന്റെ മേൽനോട്ടത്തിൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 597 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഉപഭോക്താക്കൾ സ്വയം സ്ഥാപിക്കുന്ന സൗരവൈദ്യുത പ്ലാന്റുകൾ കെ.എസ്.ഇ.ബി. ശൃംഖലയുമായി ബന്ധിപ്പിച്ചു പ്രവർത്തിപ്പിക്കാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവു പ്രകാരം അനുവദിക്കുന്നുണ്ട്. ശൃംഖലയുമായി ബന്ധിപ്പിക്കാതെ സൗരപ്ലാന്റുകൾ സ്ഥാപിക്കുവാനും പ്രവർത്തിപ്പിക്കാനും സൗരപ്ലാന്റുകളിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ പ്രോത്സാഹനം നൽകുന്നുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളിലേയ്ക്കായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള പട്ടികയിൽനിന്നും ടെണ്ടർ നടപടിയിലൂടെ നിശ്ചിത യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.* കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ടെണ്ടർ ക്ഷണിച്ചാണ് സ്വന്തം പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായി സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

(ഡി) മേൽ വിവരിച്ച സബ്സിഡി നിരക്കുകളിൽ വർദ്ധന വരുത്താൻ നിലവിൽ തീരുമാനമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.